**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 566** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഉരുൾപൊട്ടൽ സാധ്യതാ മേഖലകളെക്കുറിച്ച് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നടത്തിയ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉരുൾപൊട്ടൽ സാധ്യത മേഖലകൾ വർദ്ധിക്കുന്നതായി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉരുൾപൊട്ടൽ സാധ്യത മേഖലകൾ വർദ്ധിക്കുന്നതായി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കണ്ടെത്തിയിട്ടില്ല. സംസ്ഥാനത്തിന്റെ ഉരുൾപൊട്ടൽ സാധ്യതയുള്ള മലയോര മേഖലകളുടെ മണ്ണിടിച്ചിൽ സാധ്യത ഭൂപടം (seamless landslide susceptibility map) തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സ്റ്റേറ്റ് യൂണിറ്റ് 2014-15 ഫീൽഡ് സീസണിൽ ആരംഭിച്ച ദേശീയ മണ്ണിടിച്ചിൽ സാധ്യത മാപ്പിംഗ് പ്രോഗ്രാം (NLSM) നടപ്പിലാക്കിയിട്ടുണ്ട്. . 13 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന മൊത്തം 19,273 ച.കി.മീ പ്രദേശം 1:50,000 സ്കെയിലിൽ ഈ പ്രോഗ്രാമിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പഠനവിധേയമാക്കിയ പ്രദേശത്തിന്റെ സംവേദനക്ഷമതയുടെ അടിസ്ഥാനത്തിൽHigh, Moderate, Low ആയി തരംതിരിച്ചു. ടി ഭൂപ്രദേശത്തിന്റെ ഏകദേശം 12% മണ്ണിടിച്ചിൽ സംഭവങ്ങൾക്ക് വളരെ സാധ്യതയുള്ളതാണെന്ന് (High) കണ്ടെത്തി. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | നാഷണൽ ലാൻഡ്സ്ലൈഡ് സസെപ്റ്റബിലിറ്റി മാപ്പിംഗ് (എൻ.എൽ.എസ്.എം) പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ, ഉരുൾപൊട്ടൽ ഉണ്ടാകാനുള്ള സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ ആസൂത്രണം, ഭൂവിനിയോഗം, ആശയവിനിമയം, നഗരവികസനം എന്നിവയ്ക്ക് ഈ സംവേദനക്ഷമത ഭൂപടങ്ങൾ വളരെ പ്രധാനമാണ്. ദുരന്ത ലഘൂകരണ/പ്രതിരോധ നടപടികൾ നിർദ്ദേശിക്കുന്നതിനായി, ടി ദുർബല/ ദുരന്തസാധ്യതാ പ്രദേശങ്ങൾ ഒരു meso (1:10,000) അല്ലെങ്കിൽ detailed (1:1000/2000) സ്കെയിലിൽ പഠിക്കേണ്ടതാണ്. ഇതിന് അനുസൃതമായി, GSI, |

| | | | |
|---|---|---|---|
| | | | SU: Kerala & Lakshadweep 2020-21 സാമ്പത്തിക വർഷം മുതൽ ഇത്തരം പഠനങ്ങൾക്കായി ചില സാധ്യതയുള്ള മേഖലകൾ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ, കേരളത്തിലെ ഉരുൾപൊട്ടൽ സാധ്യതയുള്ള ജില്ലകൾക്കായി മഴയുടെ പരിധി അടിസ്ഥാനമാക്കിയുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രാദേശിക Landslide Early Warning System (LEWS) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഏറ്റെടുത്തിട്ടുണ്ട്. 2020-21-ൽ ആരംഭിച്ച ഈ നാല് വർഷത്തെ പ്രോഗ്രാം മണ്ണിടിച്ചിലിന് കാരണമായ മഴയ്ക്ക് മുൻകൂർ മുന്നറിയിപ്പ് സംവിധാനം സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. ഇപ്രകാരം ലഭ്യമാകുന്ന പ്രവചന വിവരങ്ങൾ, ഉരുൾപൊട്ടൽ ദുരന്തസാധ്യത കുറയ്ക്കുന്നതിനും അതിന്റെ ലഘൂകരണത്തിനും ജില്ലാ, സംസ്ഥാന ഭരണകൂടങ്ങളെ സഹായിക്കും. |
| (സി) | ഉരുൾപൊട്ടലുണ്ടായ മേഖലകളിൽ മണ്ണ് പൂർണമായും ഉറയ്ക്കാത്തതിനാൽ തുടർന്നുള്ള വർഷങ്ങളിലും അപകട സാധ്യത കൂടുതലാണെന്ന റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | അത്തരം ഒരു റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ അപകട സാധ്യതയുള്ള താമസയോഗ്യമല്ലാത്ത മണ്ണിടിച്ചിൽ ഭീഷണി ഉള്ള ഇടങ്ങളിൽ നിന്നും ആളുകളെ മാറ്റിപാർപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. |
| (ഡി) | 2018, 2019, 2020 വർഷങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായ സ്ഥലങ്ങളിൽ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ഡി) | 2018-ൽ ഉണ്ടായ ഉരുൾപൊട്ടലുകളുടെ വിവരങ്ങൾ ശേഖരിക്കാൻ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തുകയുണ്ടായി. മൊത്തം 1626 ഉരുൾപൊട്ടലുകൾ പരിശോധിച്ചു. ടി സർവേയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയവരെ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. 2019-ൽ ഉണ്ടായ ഉരുൾപൊട്ടലുകളുടെ വിവരങ്ങൾ ശേഖരിക്കാൻ മൈനിങ് ആൻഡ് ജിയോളജി, മണ്ണ് സംരക്ഷണ വകുപ്പ്, ഭൂജല വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങിയ ജോയിന്റ് ടീമിനെ ചുമതലപ്പെടുത്തി. ഉദ്യോഗസ്ഥർ മണ്ണിടിച്ചിലുണ്ടായ സ്ഥലങ്ങളിൽ സർവേ നടത്തുകയും അപകടഭീഷണിയിൽ ഉള്ള കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ വേണ്ട നിർദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. മൊത്തം 719 ഉരുൾപൊട്ടലുകൾ പരിശോധിച്ചു. സർവേയുടെ അടിസ്ഥാനത്തിൽ, അപകടഭീഷണിയിൽ ഉള്ള 411 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. ഈ രണ്ടു സർവ്വേ വിവരങ്ങളും ബന്ധപ്പെട്ട ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് കൈമാറിയിട്ടുള്ളതാണ്. കൂടാതെ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് 10 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം, 2021 ലെ |

| | | | |
|---|---|---|---|
| | | | പ്രകൃതി ക്ഷോഭത്തിൽപ്പെട്ടവർക്കും അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. രക്ഷാപ്രവർത്തനം നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. സംസ്ഥാന പോലീസ് , അഗ്നിശമന സേനകളുടെ സേവനം കൂടാതെ നിലവിൽ രക്ഷാപ്രവർത്തനങ്ങൾക്ക് NDRF നെയാണ് ഉപയോഗിക്കാറുള്ളത്. ആവശ്യാനുസൃതം കര-നാവിക വ്യോമ സേനകളുടെ സേവനവും ലഭ്യമാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ